www.malankaralibrary.com



# മാന്നാനം കുന്നിൽ നിന്ന് എത്ര ദൂരം...

ആനന്ദ് ജി.

അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.' (മർക്കോ 16:15). 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല. വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. പീഠത്തിൻമേലാണ് വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ

www.malankaralibrary.com



പ്രകാശിക്കട്ടെ.' (മത്താ 5: 14 -16).

1831 ൽ കോട്ടയത്തെ മാന്നാനം കുന്നിൻ മുകളിലാണ് പിൽക്കാലത്ത് കേരളത്തിലും കേരളത്തിനു പുറത്തും ചരിത്രപരവും വിപ്ലവകരവുമായ ഒട്ടേറെ മാറ്റങ്ങൾക്കു തുടക്കം കുറിച്ച, ലോകത്തിന്റെ മുക്കിലും മൂലയിലും വരെ സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ദൗത്യവുമായി പടർന്നുപന്തലിച്ച, കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് എന്ന സി എം ഐ സഭയുടെ ആരംഭം. ഭാരതത്തിലെ ആദ്യത്തെ തദ്ദേശിയ സന്യാസ സഭയായിരുന്നു അത്.

വാസ്തവത്തിൽ 1820 കളിൽ തന്നെ അങ്ങനെയൊരു പ്രേഷിതസഭ - സന്യാസ സമൂഹം - വിശ്വാസതീക്ഷ്ണതയിലുരുകിയ രണ്ട് വൈദികശ്രേഷ്ഠൻമാരുടെയും ഒരു ശെമ്മാശന്റെയും ഒരു അൽമായ സഹോദരന്റെയും സമർപ്പിത വേലകളിലൂടെയും ചിന്തകളിലൂടെയും മദ്ധ്യ കേരളത്തിൽ ഉരുത്തിരിഞ്ഞിരുന്നു. പാലയ്ക്കൽ തോമസ് മല്പാനും പോരൂക്കര തോമസ് മല്പാനുമായിരുന്നു ആ വൈദികശ്രേഷ്ഠർ. ശെമ്മാശൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും (1829 കളുടെ ആദ്യപാതിയിൽ അദ്ദേഹം ശെമ്മാശനായിരുന്നു. 1829 ലാണ് വൈദികപട്ടം സ്വീകരിക്കുന്നത്).

പോരൂക്കരയച്ചന്റെ കൂട്ടുകാരനും ഇടവകക്കാരനുമായ ബ്രദർ ജേക്കബ് കണിയാന്തറയായിരുന്നു കൂട്ടത്തിലുണ്ടായിരുന്ന നാലാമത്തെയാളായ അൽമായ സഹോദരൻ.

അതിനു മുൻപ് 19-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഇന്ത്യയിലെ മാർത്തോമാ ക്രിസ്ത്യൻ സമുദായത്തിന് സന്യാസ ജീവിതം നയിക്കുന്നതിനെ കുറിച്ചുള്ള വ്യവസ്ഥാപിതമായ ഒരുവിധ മാതൃകകളൊ, കുലങ്കഷമായ ഏതെങ്കിലും വിധത്തിലുള്ള ആലോചനകളൊ, ഒന്നുമുണ്ടായിരുന്നില്ല. ഭാരതീയമായ വിവിധ സന്യാസ രീതികളും ചില പടിഞ്ഞാറൻ മാതൃകകളും അവ്യക്ത പശ്ചാത്തലമായി ഉണ്ടായിരുന്നെങ്കിലും ഒരു ക്രിസ്ത്യൻ സന്യാസ സംഘത്തെക്കുറിച്ചുള്ള മൂർത്തമായ സങ്കല്പങ്ങളൊന്നും അതുവരെ രൂപമാർജിച്ചിരുന്നില്ല. ഒറ്റപ്പെട്ടതും ദുർബലവുമായ ചില ശ്രമങ്ങൾ പലയിടങ്ങളിൽ നിന്നും പലപ്പോഴായി ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം പ്രായോഗികമായി സാക്ഷാത്കാരത്തിലെത്തും മുൻപെ ശിഥിലമായിപ്പോവുകയായിരുന്നു.

അവിടെയാണ് 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മാർത്തോമാ സഭയിൽ സന്യാസ സംസ്ഥാപനത്തെ കുറിച്ചുള്ള ആലോചനകൾക്ക് വീണ്ടും ജീവൻ വയ്ക്കുന്നതും കർമ്മ വഴികളിൽ ദൈവസാന്നിദ്ധ്യവും മനസിൽ ആത്മീയതയും നിറഞ്ഞ പാലയ്ക്കൽ തോമസ് മല്പാൻ, തോമസ് പോരൂക്കരയച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നീ മൂന്നു പ്രേഷിതാക്കളിൽ ദൈവം ആ ചരിത്ര ദൗത്യം ഏല്പിക്കുന്നതും 1831 മെയ് 11ന് മാന്നാനം കുന്നിൻ മുകളിൽ ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസ സഭയായി സി എം ഐ സ്ഥാപിക്കപ്പെടുന്നതും.

ചാവറയച്ചനും സംഘവും ചേർന്ന് സ്ഥാപിച്ച ഈ സന്യാസപ്രസ്ഥാനം മാന്നാനം കുന്നിൻ മുകളിലായത് ഒട്ടും ആകസ്മികമായിരുന്നില്ല. ഉന്നതങ്ങളിലുള്ള ഭവനത്തെ (ബേസ്റൗമ) എന്നും കുർബാനായിലൂടെ ആഘോഷിക്കുന്നവരാണ് തങ്ങളുടെ ഭവനം ഉന്നതങ്ങളിലായിരിക്കണമെന്ന് ഭൗതികമായും ആഗ്രഹിച്ചത്. ഈ ഉന്നതമായ വീട് ദർശനവീടായിരുന്നു. ഈ കൊവേന്തയെ കുറിച്ചുള്ള കാഴ്ചപ്പാട് മനുഷ്യന്റെ സൂത്രമെന്നതിനെക്കാൾ ദൈവത്തിന്റെ ഉപദേശപ്രകാരമായിരുന്നെന്ന് ചാവറയച്ചൻ തന്നെ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ (സന്യാസ സമൂഹത്തിന്റെ) ലക്ഷ്യം സ്വന്തം ആത്മരക്ഷയോ ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ അയിരുന്നില്ല. മറിച്ച് സന്യാസം കൊണ്ട് സ്വന്തം ജീവിതത്തെ വിശുദ്ധീകരിച്ചിട്ട് കൂടപ്പിറപ്പുകളെയും ഉയരത്തിലേക്ക് ഉയർത്തുന്നു. ഉയരം എന്നാൽ സ്വർഗദർശനത്തിലേക്ക്. ഉയർന്ന സ്വപ്നത്തിലേക്ക്. പുതിയ മാനവികതയിലേക്ക്. ധന്യതയിലെത്തിയ ആൾ താഴെ വന്ന് സാധാരണ മനുഷ്യരെയും ധന്യതയിലേക്കുയർത്തുന്നു. അതായിരുന്നു പുതിയ സന്യാസ സഭയുടെ ലക്ഷ്യം. അത് ചരിത്രത്തിൽ നിന്നുള്ള രക്ഷപ്പെടലല്ല, ചരിത്രത്തിലുള്ള ഇടപെടലായിരുന്നു. അക്ഷരാർത്ഥത്തിൽ ചരിത്രം സൃഷ്ടിക്കലായിരുന്നു. അതായിരുന്നു പിന്നീട് സംഭവിച്ചതും.

1831 ൽ അമലോത്ഭവ മാതാവിന്റെ ദാസ സംഘമായി രൂപം കൊണ്ട സന്യാസ സഭ 1860 ൽ യൂറോപ്പിലെ കർമലീത്ത നിഷ്പാദുക സംഘത്തിന്റെ (ഒസിഡി) ഭാഗമായി കർമലീത്ത നിഷ്പാദുക

“ 1831 ൽ കോട്ടയത്തെ മാന്നാനം കുന്നിൻ മുകളിലാണ് പിൽക്കാലത്ത് കേരളത്തിലും കേരളത്തിനു പുറത്തും ചരിത്രപരവും വിപ്ലവകരവുമായ ഒട്ടേറെ മാറ്റങ്ങൾക്കു തുടക്കം കുറിച്ച, ലോകത്തിന്റെ മുക്കിലും മൂലയിലും വരെ സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ദൗത്യവുമായി പടർന്നുപന്തലിച്ച, കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് എന്ന സി എം ഐ സഭയുടെ ആരംഭം.

www.malankaralibrary.com

> “ ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നതിൽ ചാവറയച്ചനിൽ ജന്മനാതന്നെ ഒരു തൃഷ്ണ ഉണ്ടായിരുന്നു. ആ തീക്ഷ്ണത പിന്നീട് സഹ സന്യാസിമാരിലേക്കും വ്യാപിച്ചു. അക്കാലത്ത് ദേവാലയങ്ങളിൽ വളരെ വിരളമായെ പ്രസംഗങ്ങൾ നടത്തിയിരുന്നുള്ളൂ. തന്നിമിത്തം ഉണ്ടായിരുന്ന ഭക്തിമാന്ദ്യം എവിടെയും ദൃശ്യമായിരുന്നു.

മൂന്നാം സംഘം (കസിമൂസ) എന്ന് പേര് മാറി. 1885 ൽ ഈ സന്യാസ സഭയ്ക്ക് പൊന്തിഫിക്കൽ അംഗീകാരം ലഭിച്ചു. 1958 ൽ കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (സി എം ഐ) എന്ന ഇപ്പോഴത്തെ പേര് സ്വീകരിച്ചു. 1967 ൽ പൊന്തിഫിക്കൽ എക്സാപ്ഷൻ ലഭിച്ചു.

1831 മെയ് 11 ന് സന്യാസ സഭയും തുടർന്ന് ആശ്രമവും നിലവിൽ വന്ന് ഏറെ താമസിയാതെ 1833 മുതൽ മാന്നാനം കുന്നിൽ തന്നെ സെമിനാരിയും ആരംഭിച്ചു. ആദ്യം രണ്ടു വിദ്യാർത്ഥികളോടെ ആരംഭിച്ച സെമിനാരി കാലാന്തരത്തിൽ മലങ്കര സഭയുടെ പൊതുസെമിനാരിയായി രൂപാന്തരപ്പെട്ടു. ഏറെക്കാലം അത് അങ്ങനെ തന്നെ തുടർന്നു.

1841 ൽ പാലയ്ക്കൽ മല്പാനച്ചന്റെയും 1846 ൽ പോരൂക്കര അച്ചന്റെയും മരണശേഷം തുടർന്ന് ചാവറ അച്ചൻ തന്നെയായിരുന്നു ആജീവനാന്തം മാന്നാനം സെമിനാരിയുടെ മല്പാനും റെക്ടറും. മാന്നാനം സെമിനാരി പര്യാപ്തമല്ലാതെ വന്നപ്പോൾ 1866 ൽ വാഴക്കുളത്തും 1868 ൽ എൽത്തുരുത്തിലും 1872 ൽ പുളിങ്കുന്നിലും അതാതു സ്ഥലത്തെ ആശ്രമങ്ങളുടെ മേൽനോട്ടത്തിൽ സെമിനാരികൾ സ്ഥാപിച്ചു. പിന്നീട് വരാപ്പുഴയിൽ പുത്തൻപള്ളി സെമിനാരി വരുന്നതുവരെ മാന്നാനം പൊതുസെമിനാരിയായി നിലനിന്നു.

മാന്നാനത്ത് 1831 മെയ് 11 ന് സന്യാസ ഭവനത്തിന്റെയും പള്ളിയുടെയും ശിലാസ്ഥാപന കർമ്മം സ്തബിലീനി മെത്രാന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ശേഷം, മാന്നാനത്ത് താമസിച്ച് ആശ്രമത്തിന്റെയും പള്ളിയുടെയും നിർമാണ നടപടികൾ നിർവഹിച്ചത് മുഖ്യമായും ചാവറയച്ചനായിരുന്നു. പാലയ്ക്കലച്ചനും പോരൂക്കരയച്ചനും പ്രായത്തിന്റെയും ജോലി സന്നദ്ധതയുടെയും പശ്ചാത്തലത്തിൽ സ്ഥാപനനിർമാണത്തിലേക്ക് അത്രമേൽ കടന്നുവരാനിടയായില്ല.

പാലയ്ക്കലച്ചന്റെയും പോരൂക്കര അച്ചന്റെയും മരണത്തോടെ സന്യാസ സഭ പൂർണമായും ചാവറയച്ചന്റെ ചുമതലയിലായി. അഗാധമായ പ്രാർത്ഥനകളും പഠനങ്ങളും പഠിപ്പിക്കലും സുവിശേഷ പ്രഭാഷണങ്ങളും മറ്റനേകം സാമൂഹിക പ്രവർത്തനങ്ങളുമായി തുടക്കം മുതലെ ആത്മീയതയുടെ വഴിയിൽ അച്ചൻ ഏകനായി സഞ്ചരിച്ചു. എന്നും എപ്പോഴും കൂടെയുള്ള അചഞ്ചലമായ ദൈവവിശ്വാസം ഒന്നു മാത്രം കൈമുതലാക്കി.

വളർന്നു വികസിക്കാൻ പോകുന്ന ഒരു സന്യാസ സമൂഹത്തിന് വ്യക്തമായൊരു ജീവിതക്രമം ചിട്ടപ്പെടുത്തുക, ഒരു പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യുക, അതെല്ലാം ലിഖിതമായ നിയമാവലിയാക്കി രേഖപ്പെടുത്തുക തുടങ്ങി അത്യന്തം ദുഷ്കരവും സങ്കീർണവുമായ ചുമതലകളാണ് സഭയുടെ സ്ഥാപനത്തിനു ശേഷം ചാവറയച്ചൻ നിർവഹിച്ചത്. സാർവലൗകികമായ ആത്മീയസത്തയും ഭാരതീയമായ ആത്മീയദർശനവും ചേർന്ന് സമഗ്രവും സവിശേഷവുമായ ഒരു കർമ-ധ്യാന പദ്ധതിയാണ് സി എം ഐ സഭയ്ക്കു വേണ്ടി ചാവറയച്ചൻ വിഭാവനം ചെയ്തത്.

**അജപാലന ശുശ്രൂഷയുടെ തുടക്കം**

മാന്നാനത്തെ ആശ്രമത്തിൽ നിന്നും സെമിനാരിയിൽ നിന്നുമാണ് സി എം ഐ സഭയുടെ അജപാലന ശുശ്രൂഷയുടെ തുടക്കം. 1833 ൽ തന്നെ ആശ്രമത്തിൽ സന്യാസികൾ ഒന്നിച്ചു താമസിക്കാൻ തുടങ്ങിയിരുന്നു. തുടക്കത്തിൽ മാന്നാനത്തും സമീപ്രദേശങ്ങളിലും താമസിക്കുന്നവരുടെ ആത്മീയാവശ്യങ്ങളാണ് ആശ്രമത്തിൽ നിന്ന് നിറവേറ്റിയിരുന്നത്. തുടർന്ന് വിവിധ ഇടവകകളിൽ നിന്നുള്ള ആവശ്യമനുസരിച്ച് അവിടങ്ങളിൽ പോയി ധ്യാനപ്രസംഗങ്ങൾ നടത്തിത്തുടങ്ങി.

ഇത് ക്രമേണ ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരുന്നു. സി എം ഐ സന്യാസ വൈദികരുടെ ആത്മീയ ശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും മഹത്വം കേട്ടറിഞ്ഞ് കൂടുതൽ കൂടുതൽ ഇടവകകളിൽ നിന്ന് ഇതിനായി ആവശ്യങ്ങൾ വന്നുതുടങ്ങി.

ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നതിൽ ചാവറയച്ചനിൽ ജന്മനാതന്നെ ഒരു തൃഷ്ണ ഉണ്ടായിരുന്നു. ആ തീക്ഷ്ണത പിന്നീട് സഹസന്യാസിമാരിലേക്കും വ്യാപിച്ചു. അക്കാലത്ത് ദേവാലയങ്ങളിൽ വളരെ വിരളമായെ പ്രസംഗങ്ങൾ നടത്തിയിരുന്നുള്ളൂ. തന്നിമിത്തം ഉണ്ടായിരുന്ന ഭക്തിമാന്ദ്യം എവിടെയും ദൃശ്യമായിരുന്നു. അവിടെയാണ് ആത്മീയത നിറഞ്ഞുനിന്നിരുന്ന ചാവറയച്ചന്റെയും സി എം ഐ സഭയിലെ മറ്റംഗങ്ങളുടെയും ശുശ്രൂഷയും ധ്യാനപ്രസംഗങ്ങളും ഒന്നിനൊന്ന് ശ്രദ്ധേയമായി തീർന്നത്. അതിലേക്ക് കൂടുതൽ കൂടുതൽ ആളുകൾ ആകർഷിക്കപ്പെട്ടത്.

www.malankaralibrary.com



ചാവറയച്ചൻ നാടാകെ ചുറ്റിനടന്ന് പള്ളികളിൽ പ്രസംഗിച്ചു. വിദൂരങ്ങളിൽ പോലും പ്രശംസിക്കപ്പെടുന്ന ഒരു സവിശേഷതയാണ് ഈ പ്രസംഗങ്ങളിൽ നിന്നും ഉൽഭൂതമായത്. പുളിങ്കുന്നിൽ നടത്തിയ ധ്യാനയോഗത്തിന്റെ ഫലം സമീപ സ്ഥലങ്ങളിലേക്കു പോലും വ്യാപിക്കുകയുണ്ടായി എന്ന് ചാവറയച്ചന്റെ ജീവചരിത്രത്തിൽ ഫാ. വലേരിയൻ സിഡി പറയുന്നുണ്ട്.

“ അജപാലന ശുശ്രൂഷയുടെ ഈ ഒന്നാം ഘട്ടത്തിൽ തന്നെ മാന്നാനത്ത് മറ്റൊന്നുകൂടി സംഭവിക്കുന്നുണ്ട്. അത് 1946 ൽ ചാവറയച്ചൻ അവിടെ സ്ഥാപിച്ച സംസ്കൃത സ്കൂളാണ്. സ്കൂളിന്റെ പ്രവർത്തനം പിന്നീട് പലവിധ കാരണങ്ങളാലും നിലച്ചുപോയെങ്കിലും അന്നത്തെ ആ സ്കൂൾ കെട്ടിടം ഇന്നും അവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്.

### സംസ്കൃത സ്കൂൾ


അജപാലന ശുശ്രൂഷയുടെ ഈ ഒന്നാം ഘട്ടത്തിൽ തന്നെ മാന്നാനത്ത് മറ്റൊന്നുകുടി സംഭവിക്കുന്നുണ്ട്. അത് 1946 ൽ ചാവറയച്ചൻ അവിടെ സ്ഥാപിച്ച സംസ്കൃത സ്കൂളാണ്. സ്കൂളിന്റെ പ്രവർത്തനം പിന്നീട് പലവിധ കാരണങ്ങളാലും നിലച്ചുപോയെങ്കിലും അന്നത്തെ ആ സ്കൂൾ കെട്ടിടം ഇന്നും അവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്.

കേരളത്തിൽ പിൽക്കാലത്തുണ്ടായ വിദ്യാഭ്യാസവിപ്ലവത്തിനും കേരളീയ നവോത്ഥാനത്തിനും നാന്ദി കുറിച്ച സംഭവമായിരുന്നു 1946 ലെ സംസ്കൃത സ്കൂൾ സ്ഥാപനം. ഭാഷ, വർഗവിവേചനത്തിന്റെയല്ല. വർഗസമന്വയത്തിന്റെ ഉപകരണമാണെന്ന് സംസ്കൃത സ്കൂൾ സ്ഥാപിക്കുക വഴി ചാവറയച്ചൻ സമൂഹത്തെ പഠിപ്പിച്ചു. തൃശൂരിൽ നിന്ന് വാര്യർ സമുദായത്തിൽപെട്ട ഒരു വാദ്ധ്യാരെ വരുത്തിയായിരുന്നു സംസ്കൃത സ്കൂളിൽ അദ്ധ്യാപകനായി നിയമിച്ച് ആ ഭാഷ പഠിപ്പിച്ചത്.

വേദഭാഷയായ സംസ്കൃതം ജാതിഭേദമില്ലാതെ അവിടെ പഠിപ്പിക്കാനാരംഭിച്ചു. ആശ്രമത്തിലെ അന്തേവാസികൾക്കു പുറമെ സമീപ പ്രദേശങ്ങളിലുള്ളവർക്കും അവിടെ പ്രവേശനം നൽകി. വിപ്ലവകരമായ ഈ നടപടിയുടെ തുടർച്ചയായിരുന്നു പിന്നീട് 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന ചാവറയച്ചന്റെ ചരിത്രപ്രസിദ്ധവും ചരിത്രം സൃഷ്ടിച്ചതുമായ പ്രഖ്യാപനം. കേരളത്തിൽ പിന്നീട് ഉണ്ടായ വിദ്യാഭ്യാസ



www.malankaralibrary.com



വിപ്ലവത്തിനും ഈ രംഗത്ത് ഇന്നു കാണുന്ന വളർച്ചയ്ക്കും പുരോഗതിക്കും തുടക്കമിട്ടതും കാരണമായി തീർന്നതും ആ പ്രഖ്യാപനവും അതേ തുടർന്നുള്ള നടപടികളുമാണ്.

**ദളിതരിലേക്കും ദരിദ്രരിലേക്കും**

സംസ്കൃത വിദ്യാലയ സ്ഥാപനത്തിന്റെ ആദ്യപാദത്തിലെ വിജയം ചാവറയച്ചനെ കൂടുതൽ പ്രവർത്തന നിരതനാക്കി. ധ്യാനപ്രസംഗങ്ങൾക്കൊപ്പം തന്നെ മാന്നാനം കുന്നിന്റെ ചുറ്റുപാടും താമസിക്കുന്ന ദളിതരിലേക്കും ദരിദ്രരിലേക്കും അദ്ദേഹവും സി എം ഐ സഭയും നീങ്ങിത്തുടങ്ങി. ദളിതരിൽ വിശ്വാസ പ്രേഷിതത്വം നിറവേറ്റാനും അവരുടെ സർവതല സ്പർശിയായ പുരോഗതിക്കും വേണ്ടി യത്നിച്ചു തുടങ്ങി. സമൂഹവുമായുള്ള അവരുടെ ഇടപെടലിനു വഴിയൊരുക്കി.

അതുവരെ പൊതുസമൂഹവുമായി യാതൊരു ബന്ധവും ദളിതർക്കോ, ദരിദ്രർക്കോ ഉണ്ടായിരുന്നില്ല. സമൂഹത്തിൽ അവർ ഒന്നുമായിരുന്നില്ല. സഹസ്രാബ്ദങ്ങളായി രാജ്യത്തു നിലനിന്നു വന്ന ജാതിഭേദ

> സംസ്കൃത വിദ്യാലയ സ്ഥാപനത്തിന്റെ ആദ്യപാദത്തിലെ വിജയം ചാവറയച്ചനെ കൂടുതൽ പ്രവർത്തന നിരതനാക്കി. ധ്യാനപ്രസംഗങ്ങൾക്കൊപ്പം തന്നെ മാന്നാനം കുന്നിന്റെ ചുറ്റുപാടും താമസിക്കുന്ന ദളിതരിലേക്കും ദരിദ്രരിലേക്കും അദ്ദേഹവും സി എം ഐ സഭയും നീങ്ങിത്തുടങ്ങി. ദളിതരിൽ വിശ്വാസ പ്രേഷിതത്വം നിറവേറ്റാനും അവരുടെ സർവതല സ്പർശിയായ പുരോഗതിക്കും വേണ്ടി യത്നിച്ചു തുടങ്ങി.

www.malankaralibrary.com



രിച്ച് ജാതിയിൽ ആ ശ്രേണിയിൽ താണവർ എന്ന് കരുതപ്പെടുകയും മേൽജാതിക്കാരുടെ മേൽക്കോയ്മയ്ക്കും ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി അസ്വതന്ത്രരും അശരണരുമായി കഴിയുകയുമായിരുന്നു അതുവരെ ദളിത് വിഭാഗങ്ങൾ. അവർക്കിടയിലേക്കാണ് ചാവറയച്ചനും സി എം ഐ സഭയും തുടർന്ന് കടന്നു ചെന്നത്.

ദളിതരിൽ വിശ്വാസ പ്രേഷിതത്വം നിറവേറ്റാനും അവരെ വിശ്വാസത്തിലേക്കു കൊണ്ടുവരാനും അജപാലന ശുശ്രൂഷയുടെ തുടക്കം മുതലേ സി എം ഐ സഭ ശ്രദ്ധിച്ചിരുന്നു. ആ ദൗത്യം ഏറെ ശ്രദ്ധിക്കപ്പെട്ടു. അതുകൊണ്ടുതന്നെ പിന്നീടു വന്ന കൊവേന്തകളോടെല്ലാം ചേർന്ന് ദളിതരുടെ ഉന്നമനത്തിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്ന കൂടുതൽ പ്രവർത്തനങ്ങളുണ്ടായി. മാതൃഭവനമായ മാന്നാനത്തും ഭവനങ്ങളായ വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന്, ചെത്തിപ്പുഴ, പുതുപ്പള്ളി തുടങ്ങിയവയോടനുബന്ധിച്ചും അവയുടെ ആരംഭകാലം മുതൽ തന്നെ ദളിതർക്ക് ക്രൈസ്തവതത്വങ്ങൾ ഉപദേശിച്ചുകൊടുക്കുന്നതിനും അവരെ സമുദ്ധരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പ്രാപ്യമായിരുന്നു.

മാന്നാനത്ത് ആശ്രമത്തോട് ചേർന്ന് ദളിതർക്കു വേണ്ടി ഒരു ഇടവക തന്നെ സ്ഥാപിച്ചു. ഇന്നും അവിടെ ആശ്രമത്തോട് ചേർന്നുള്ളത് ദളിത് ഇടവകയാണ്. അവിടെയുള്ള കുന്നേൽ പള്ളി കൂടാതെ ആർപ്പൂക്കര തുരുത്തുമാലിയിൽ ഒരു കപ്പേളയും ദളിതർക്കു വേണ്ടി സ്ഥാപിക്കപ്പെട്ടു. ദളിതർക്ക് വിദ്യാഭ്യാസം നൽകാനും ശ്രമങ്ങളുണ്ടായി. മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് സ്ഥാപിച്ച മലയാളം പ്രൈമറി സ്കൂളിൽ ദളിതരടക്കം എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകി വിദ്യ അഭ്യസിപ്പിച്ചു.

ദളിതരെ എഴുതാനും വായിക്കാനും പ്രാപ്തിയുള്ളവരാക്കി. അവരിൽ അറിവിന്റെ അടിത്തറ സൃഷ്ടിച്ചു. അതു തന്നെ വലിയൊരു വിപ്ലവമായിരുന്നു.

അന്ന് സി എം ഐ സഭ കൈക്കൊണ്ട ശ്രമങ്ങളുടെ പ്രതിഫലനമാണ് ഇന്ന് കേരളത്തിലെ ദളിത് സമൂഹത്തിൽ കാണാൻ കഴിയുന്ന സാമൂഹ്യ, വിദ്യാഭ്യാസ വളർച്ചയും ഉയർച്ചയും.

1846 ൽ മാന്നാനത്ത് ചാവറയച്ചൻ സെന്റ് ജോസഫ്സ് പ്രസ് എന്ന മുദ്രണാലയം സ്ഥാപിച്ചതാണ് ചരിത്രപരമായ മറ്റൊന്ന്. തിരുവിതാംകൂറിൽ അന്ന് രണ്ട് അച്ചുകൂടങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ; ആംഗ്ലിക്കൻ മിഷനറിയായ ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്ത് സ്ഥാപിച്ച സി എം എസ് പ്രസ്സും തിരുവനന്തപുരത്ത് മഹാരാജാവിന്റെ ഉടമസ്ഥതയിലുള്ള സർക്കാർ അച്ചുകൂടവും. മൂന്നാമത്തേതും തദ്ദേശീയമായി ആദ്യത്തേതുമായിരുന്നു ചാവറയച്ചൻ സ്ഥാപിച്ച സെന്റ് ജോസഫ്സ് പ്രസ്. ഇവിടെ നിന്നാണ് പിന്നീട് ഇന്ന് നിലവിലുള്ള മലയാളത്തിലെ ആദ്യ പത്രമായ 'ദീപിക' (അന്നത്തെ നസ്രാണി ദീപിക) പുറത്തു വരുന്നത്.

ഈ പ്രവർത്തനങ്ങൾക്കെല്ലാം ഇടയിൽ തന്നെ പള്ളികളിലെ ധ്യാനപ്രസംഗങ്ങളും തുടർന്നുകൊണ്ടിരുന്നു. ഇടവകകൾ ആവശ്യമുള്ളപ്പോഴെല്ലാം സി എം ഐ വൈദികരെ പ്രസംഗത്തിനു വിളിക്കും. അത് അനുസരിച്ച് വൈദികർ പള്ളികളിൽ പോയി പ്രസംഗിക്കും. വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റും.

ഇന്നത്തെ പോലെയല്ല അന്ന്. യാതൊരു സഞ്ചാരസൗകര്യങ്ങളുമില്ല. വാർത്താവിനിമയ സംവിധാനങ്ങളില്ല. കാൽനടയായും വഞ്ചികളിലും വള്ളങ്ങളിലുമൊക്കെ സഞ്ചരിച്ചുമാണ് ഏറെ കഷ്ടപ്പെട്ട് സി എം ഐ സന്യാസ വൈദികർ അന്ന് പള്ളികളിൽ പോയി ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നത്. സ്ഥലത്തെത്തുമ്പോൾ അവിടത്തെ വികാരിയച്ചൻ പള്ളി മണിയടിച്ച് വിശ്വാസികളെ വിളിച്ചുകൂട്ടും. തുടർന്ന് സി എം ഐ അച്ചൻ ധ്യാനപ്രസംഗം നടത്തും. ആർക്കെങ്കിലും ആത്മീയാവശ്യങ്ങളുണ്ടെങ്കിൽ അതും നിറവേറ്റും.

അമ്പഴക്കാട്, മുത്തോലി തുടങ്ങി നിരവധി സ്ഥലങ്ങളിൽ ഇങ്ങനെയാണ് അന്ന് സി എം ഐ വൈദികർ അജപാലന ശുശ്രൂഷ നടത്തിയിരുന്നത്. ആളുകൾക്ക് ഇത് പ്രയോജനപ്പെട്ടു. കേട്ടറിഞ്ഞ് കൂടുതൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സി എം ഐ വൈദികർ ക്ഷണിക്കപ്പെട്ടു. അവിടെയെല്ലാം അവർ പോയി ധ്യാനപ്രസംഗങ്ങൾ നടത്തി. ആത്മീയ ശുശ്രൂഷകൾ നൽകി.

ഈ നന്മയുടെ വെളിച്ചത്തി

> “ ഇന്നത്തെ പോലെയല്ല അന്ന്. യാതൊരു സഞ്ചാരസൗകര്യങ്ങളുമില്ല. വാർത്താവിനിമയ സംവിധാനങ്ങളില്ല. കാൽനടയായും വഞ്ചികളിലും വള്ളങ്ങളിലുമൊക്കെ സഞ്ചരിച്ചുമാണ് ഏറെ കഷ്ടപ്പെട്ട് സിഎംഐ സന്യാസ വൈദികർ അന്ന് പള്ളികളിൽ പോയി ധ്യാന പ്രസംഗങ്ങൾ നടത്തിയിരുന്നത്. സ്ഥലത്തെത്തുമ്പോൾ അവിടത്തെ വികാരിയച്ചൻ പള്ളി മണിയടിച്ച് വിശ്വാസികളെ വിളിച്ചുകൂട്ടും.

www.malankaralibrary.com

ലാണ് സി എം ഐ സഭയ്ക്ക് പിന്നീട് ഓരോ സ്ഥലത്തും ആശ്രമങ്ങൾ സ്ഥാപിക്കാൻ സാധിച്ചത്. ഓരോ പ്രദേശത്തേയും ആത്മീയവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ആ പ്രദേശത്തുള്ളവർ സി എം ഐ സഭയെ അങ്ങോട്ടു ക്ഷണിക്കുകയായിരുന്നു. എൽത്തുരുത്ത്, വാഴക്കുളം, മുത്തോലി, അമ്പഴക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ആശ്രമങ്ങൾ വരുന്നത് അങ്ങനെയാണ്.

തൃശൂർ ജില്ലയിലാണ് എൽത്തുരുത്ത് ആശ്രമം. അവിടത്തുകാർ ആവശ്യപ്പെട്ടതനുസരിച്ചാണ് 1858 ൽ അവിടെ ആശ്രമം സ്ഥാപിച്ചത്. തുടർന്ന് സെമിനാരിയും സ്ഥാപിക്കപ്പെട്ടു. ദക്ഷിണ പ്രദേശങ്ങളിൽ മാന്നാനം എന്ന പോലെ കാലക്രമേണ എൽത്തുരുത്ത് ഉത്തരകേരളത്തിലെ ഒരു കത്തോലിക്കാ കേന്ദ്രമായി തീർന്നു.

1859 ൽ വാഴക്കുളത്ത് ആശ്രമം സ്ഥാപിച്ചു. ഇവിടെയും സെമിനാരി വന്നു, 1866 ൽ. അമ്പഴക്കാട് ആശ്രമം 1868 ലാണ് സ്ഥാപിക്കപ്പെടുന്നത്. ശേഷിച്ച ആശ്രമങ്ങൾ 1870–1885 കാലത്ത് നിലവിൽ വന്നു.

നേരത്തെ പറഞ്ഞ പോലെ, ഓരോ സ്ഥലത്തെയും ആശ്രമം സ്ഥാപിക്കാൻ അവിടെയുള്ളവർ സി എം ഐ സഭയെ അങ്ങോട്ട് ക്ഷണിക്കുകയായിരുന്നു. അമ്പഴക്കാട് ആശ്രമ സ്ഥാപനത്തിന് കണിച്ചായി എന്നയാളുടെ ഭാഗത്തു നിന്ന് ആദ്യം കുറെയൊക്കെ തടസ്സങ്ങളും എതിർപ്പുകളും ഉണ്ടായെങ്കിലും പിന്നീട് അതേ വ്യക്തി തന്നെ ഒരു പ്രദേശം മുഴുവൻ ആശ്രമ സ്ഥാപനത്തിന് വിട്ടുനൽകുകയായിരുന്നു.

ചാവറ പിതാവിന്റെ ഒരു ആപ്തവാക്യമുണ്ട്. സന്യാസ വൈദികർ സ്വന്തം ആത്മരക്ഷയ്ക്കും മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കും വേണ്ടി പ്രവർത്തിക്കണം. മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതിലൂടെ സ്വന്തം ആത്മരക്ഷ കൈവരിക്കണം. ഈ ആപ്തവാക്യത്തോടെയാണ് അന്നും ഇന്നും സി എം ഐ സഭ മുന്നോട്ടു പോകുന്നത്.

ആത്മീയരംഗത്ത് കേരളത്തിൽ ദിവ്യകാരുണ്യഭക്തിയും മാതാവിനോടുള്ള ഭക്തിയും തിരുകുടുംബ ഭക്തിയും വർദ്ധിപ്പിച്ചു എന്നതാണ് ചാവറയച്ചനെ കുറിച്ച് എടുത്തു പറയേണ്ട മറ്റൊരു വസ്തുത. സെമിനാരി വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പൂർണ്ണ ദിവ്യകാരുണ്യ ഭക്തനും മാതൃഭക്തനുമായിരുന്നു അദ്ദേഹം. അതാണ് പിന്നീട് കൂടുതൽ പ്രചരിപ്പിക്കപ്പെട്ടത്. കേരള സഭയിൽ നാല്പത് മണി ആരാധനയ്ക്ക് തുടക്കമിട്ടതും അത് വ്യാപിപ്പിച്ചതും ചാവറയച്ചനാണ്.

ഇതിനെല്ലാം ഇടയിൽ തന്നെ കേരളത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസിനീ സഭയ്ക്കും അദ്ദേഹം തുടക്കം കുറിച്ചു. 1866 ൽ സി എം സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കോൺഗ്രിഗേഷൻ ഓഫ് ദി മദർ ഓഫ് കാർമൽ എന്ന സന്യാസിനീ സമൂഹം കൂനമ്മാവിൽ ജനിച്ചു.

റോക്കോസ് ശീശ്മയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അത് പരിഹരിക്കാൻ ചാവറയച്ചൻ നടത്തിയ ശ്രമങ്ങളും ഒടുവിൽ അത് പരിഹരിച്ചതുമാണ് മറ്റൊന്ന്. സുറിയാനി സഭയ്ക്ക് സ്വന്തം മെത്രാനുണ്ടാകണമെന്ന ആവശ്യവും തുടർന്നുണ്ടായ സംഭവവികാസങ്ങളുമാണ് ആ കാലഘട്ടത്തിലെ വേറൊന്ന്. അതിന്റെ പേരിൽ 'ഏഴ് വ്യാകുലങ്ങൾ' എന്ന് പറയുന്നതുപോലുള്ള സംഭവങ്ങളും ഉണ്ടായി.

1871 ൽ ചാവറ പിതാവ് ഈ ലോകത്തോട് വിടപറഞ്ഞു. പിതാവിന്റെ മരണത്തിനു ശേഷം അവശേഷിച്ചവർ സമർപ്പണബുദ്ധിയോടെ, വർദ്ധിതവീര്യത്തോടെ തങ്ങളിൽ ഏല്പിക്കപ്പെട്ട ദൗത്യവുമായി മുന്നോട്ടുപോയി. സഭാ ദൗത്യത്തിന് അവർ സ്ഥാപിച്ച അടിസ്ഥാനശിലയും ചട്ടക്കൂടും സുഘടിതമായിരുന്നു. അചഞ്ചലമായിരുന്നു ഓരോ ഗുരുവര്യനും ശിഷ്യരിലേക്കു പകർന്നു നൽകിയ വിശ്വാസ തീക്ഷ്ണതയും ദിശാബോധവും. അവരുടെ സ്വപ്നങ്ങളും അവയുടെ സാക്ഷാത്കാരങ്ങളും അവരുടേതായിരുന്നില്ല, സർവശക്തനായ ദൈവത്തിന്റേതായിരുന്നു. ഇന്നും അങ്ങനെ തന്നെ.

ആദ്യം സ്ഥാപിച്ച കൊവേന്തകളോടെ, ആദ്യകാലത്തെ അതേ അവസ്ഥകളോടെ, പ്രവർത്തനങ്ങളോടെ 1950 കൾ വരെ കാര്യമായ യാതൊരു മാറ്റങ്ങളുമില്ലാതെ സി എം ഐ സഭ തുടർന്നു. 1950 ൽ മുന്നൂറിനടുത്ത് സന്യാസ വൈദികരാണ് സി എം ഐ സഭയിൽ ഉണ്ടായിരുന്നത്. എന്നാൽ 1950 കൾ മുതൽ സഭയിൽ മാറ്റങ്ങളുടെയും വിസ്മയിപ്പിക്കുന്ന വളർച്ചയുടെയും കാലമാരംഭിക്കുകയായിരുന്നു. ■

“ 1871 ൽ ചാവറ പിതാവ് ഈ ലോകത്തോട് വിടപറഞ്ഞു. പിതാവിന്റെ മരണത്തിനു ശേഷം അവശേഷിച്ചവർ സമർപ്പണബുദ്ധിയോടെ, വർദ്ധിതവീര്യത്തോടെ തങ്ങളിൽ ഏല്പിക്കപ്പെട്ട ദൗത്യവുമായി മുന്നോട്ടുപോയി. സഭാ ദൗത്യത്തിന് അവർ സ്ഥാപിച്ച അടിസ്ഥാനശിലയും ചട്ടക്കൂടും സുഘടിതമായിരുന്നു.